**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2141

17.02.2016-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | വിലക്കയറ്റം തടയുവാൻ പ്രവർത്തിക്കേണ്ട സ്ഥാപനമായ കൺസ്യൂമർഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും മൂലം വിലക്കയറ്റം തടയുവാനും, അതുവഴി ജനങ്ങൾക്ക് സഹായം ലഭ്യമാക്കാൻ കഴിയാത്തതും സംബന്ധിച്ച വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) | കൺസ്യൂമർഫെഡിൽ സ്ഥിരം ജീവനക്കാർ എത്ര; ഡെപ്യൂട്ടേഷൻകാർ എത്ര; താല്ക്കാലിക ജിവനക്കാർ എത്ര; | (സി) | സ്ഥിരം ജീവനക്കാർ - 1314<br>ഡെപ്യൂട്ടേഷൻ - 1<br>താല്ക്കാലിക ജീവനക്കാർ/ ദിവസക്കൂലി - 3285<br>കരാർ അടിസ്ഥാനം - 266 |
| (ഡി) | അഴിമതിയ്ക്കും മറ്റ് കുറ്റകൃത്യങ്ങൾക്കും വിവിധ അന്വേഷണം നേരിടുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ ആരെല്ലാം; എത്ര കോടി രൂപയുടെ അഴിമതികേസ്സുകളാണ് നിലവിലുള്ളത്; അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാം; | (ഡി) | കൺസ്യൂമർ ഫെഡറേഷൻ മുൻമാനേജിംഗ് ഡയറക്ടർ ഡോ.റിജി ജി.നായർ, ശ്രീ.ആർ.ജയകുമാർ, ശ്രീ.എം.ഷാജി, ശ്രീ.സ്വീഷ്സുകുമാരൻ, ശ്രീ.ഷാജു.കെ എന്നിവർ വിജിലൻസ് അന്വേഷണം |

ഏതൊക്കെ അന്വേഷണമാണ് നടക്കുന്നത്; വ്യക്തമാക്കുമോ;

നേരിടുന്നുണ്ട്. അന്വേഷണം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ അഴിമതി കേസുകളുമായി ബന്ധപ്പെട്ട് തുക സംബന്ധിച്ച വിവരം ലഭ്യമല്ല. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നതും ഇതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ജോയിന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) ശ്രീ.പി.പി.ദിലീപ് കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. അന്വേഷണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനായി 14 ജില്ലകളിൽ നിന്നും ഉദ്യോഗസ്ഥരുടെ ഒരു ടീം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) കൺസ്യൂമർഫെഡിൽ അഴിമതി സംബന്ധിച്ച് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ടോമിൻ തച്ചങ്കരി സർക്കാരിന് നൽകിയ റിപ്പോർട്ടിൽ എന്തെല്ലാം വിഷയങ്ങൾ സൂചിപ്പിച്ചുവെന്നും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ഇ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധനയിലുണ്ടായിരുന്ന ഫെഡറേഷന്റെ സാമ്പത്തിക ക്രമക്കേടുകൾ, അനധികൃതമായ അഡ്വാൻസുകൾ, സ്റ്റോക്കിലെ തിരിമറി തുടങ്ങിയവ തന്നെയാണ് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ.ടോമിൻ തച്ചങ്കരി സർക്കാരിന് നല്കിയ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരുന്നത്. ലഭിച്ച റിപ്പോർട്ട് ആവശ്യമായ നടപടികൾക്കായി വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതു വരെ കൺസ്യൂമർഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും മുഖേന അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയെന്നും എപ്രകാരമുള്ള

(എഫ്) അഴിമതിയും കെടുകാര്യസ്ഥതയും മുഖേന അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല. കൺസ്യൂമർ ഫെഡറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ ഡോ.റിജി ജി.നായർ, ജീവനക്കാരായ

| | | | |
|---|---|---|---|
| | സ്ഥാനക്കയറ്റമാണ് നൽകിയതെന്നും, ഇത്തരത്തിൽ അന്വേഷണം നേരിടുന്ന എത്ര പേരെ സസ്പെന്റ് ചെയ്തുവെന്നും എത്ര പേരെ പിരിച്ചുവിട്ടുവെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | | ശ്രീ.ആർ.ജയകുമാർ, ശ്രീ.കെ.ജെ.ഷാജു എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ആരെയും പിരിച്ചുവിട്ടിട്ടില്ല. |
| (ജി) | കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് കൺസ്യൂമർഫെഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത്; വ്യക്തമാക്കുമോ; നിലവിൽ കൺസ്യൂമർഫെഡ് നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുമോ? | (ജി) | കഴിഞ്ഞ എൽ.ഡി.എഫ് ഭരണകാലത്തും നിലവിലും കൺസ്യൂമർ ഫെഡ് അറ്റ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ ഒരു മാസം ശരാശരി വരവ് 21.64 കോടി രൂപയും ചെലവ് 35.33 കോടി രൂപയും ആണ്. |

സെക്ഷൻ ഓഫീസർ